5.1

# ജീവൽസ്പന്ദങ്ങൾ

## ആമുഖം

**ജീ**വിതത്തെ സഹനീയമായ ഒരനുഭവമാക്കി മാറ്റുന്നത് സ്നേഹമെന്ന വികാരമാണ്. ഞാൻ എന്ന വ്യഷ്ടിബോധത്തിൽ നിന്ന് നമ്മൾ എന്ന സമഷ്ടിബോധത്തിലേക്കുള്ള പരിവർത്തനമാണ് സ്നേഹത്തിന്റെ സത്ത. നന്മയുടെ ജലകണങ്ങൾ വറ്റാതെ മനുഷ്യരാശിയെ തലമുറകളായി നയിക്കുന്ന ചോദനയാണത്. പ്രതിഫലേച്ഛയില്ലാത കർമ്മം ചയ്യാൻ മനുഷ്യനു സാധിക്കുന്നത് അതുകൊണ്ടാണ്.

"സ്നേഹത്തിൽ നിന്നില്ലല്ലോ മറ്റൊന്നു ലഭിച്ചീടാൻ;
സ്നേഹത്തിൻഫലം സ്നേഹം: ജ്ഞാനത്തിൻ ഫലം ജ്ഞാനം
സ്നേഹമേ പരം സൗഖ്യം, സ്നേഹഭംഗമേ ദുഃഖം,
സ്നേഹം മേ ദിക്കാലാതിവർത്തിയായ് ജ്വലിച്ചാവൂ!" എന്ന ജി. ശങ്കരക്കുറുപ്പിന്റെ വരികൾ പ്രസിദ്ധമാണല്ലോ. ദയ, സഹഭാവം, സഹവർത്തിത്വം എന്നിവ സ്നേഹത്തിന്റെ വകഭേദങ്ങളാണ്. മാതാപിതാക്കളിൽ അത് കരുതലിന്റെ ആനന്ദവും വേദനയും ആകാംക്ഷയും കരുണയും ഒക്കെയായി മാറുന്നു. ഭരണാധികാരികളിൽ അത് മൈത്രിയും സത്യസന്ധതയുമാണ്. അധ്യാപക-വിദ്യാർഥിബന്ധത്തിൽ അത് ഗുരുത്വമാവുന്നു. സുഹൃത്തുക്കളിൽ അത് പരസ്പരബഹുമാനമാവുന്നു. ഇങ്ങനെ സ്നേഹത്തിന്റെ ചരടുകൊണ്ട് ബന്ധിതമാണ് ജീവിതം. എന്നാൽ എന്തും ഏതും വിപണിവിഭവമാകുന്ന പുതിയ കാലത്ത് സ്നേഹം വെറും വാങ്ങലും കൊടുക്കലുമായി മാറിക്കൊണ്ടിരിക്കുന്നുണ്ട്.

അസൂയയും വെറുപ്പും കോപവും ജീവിതത്തെ ദുസ്സഹമാക്കുന്നു. എല്ലാ വിപത്തുകളും ഹിംസാത്മകവും സ്നേഹരാഹിത്യത്തിന്റെ ഉൽപ്പന്നങ്ങളുമത്രേ. സ്നേഹം വറ്റിത്തുടങ്ങുന്ന ഒരു ജനതയുടെ വാർത്തകളിലും വർത്തമാനങ്ങളിലും വിപത്സന്ദേഹങ്ങൾ നിറയുന്നുണ്ട്. വ്യക്തിബന്ധങ്ങളുടെയും സമൂഹബന്ധങ്ങളുടെയും ഊഷ്മളത സാഹിത്യത്തിൽ പ്രതിഫലിക്കുന്നുണ്ട്. ഇതുപതാം നൂറ്റാണ്ടിന്റെ ഇതിഹാസ' ത്തിൽ അക്കിത്തം പറഞ്ഞത് ഇങ്ങനെയാണ്:

"നിരുപാധികമാം സ്നേഹം
ബലമായി വരും ക്രമാൽ:
ഇതാണഴകി,തേ സത്യം,
ഇതുശീലിക്കൽ ധർമ്മവും." നിരുപാധികമായ സ്നേഹത്തിന്റെ പാഠങ്ങളാണ് എല്ലാ സാഹിത്യകൃതികളും.

സ്നേഹത്തിന്റെ വിവിധങ്ങളായ ഭാവതലങ്ങളുടെ ആവിഷ്കരണമാണ് ഈ യൂണിറ്റിലുള്ളത്. വ്യക്തിബന്ധങ്ങളുടെ സുതാര്യത, നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന മനുഷ്യ

ബന്ധങ്ങൾ, സ്നേഹശൂന്യമായ മനുഷ്യാവസ്ഥയുടെ നിരാലംബത തുടങ്ങിയ ഉത്കണ്ഠകൾക്ക് സമാശ്വാസം പകരുന്ന രചനകളാണ് 'കൊച്ചനുജൻ', 'അശ്വതി', 'നമ്മുടെ ലോകം നാം സൃഷ്ടിക്കുന്നു' എന്നിവ. സ്നേഹമാണ് ജീവിതത്തെ സ്പന്ദിപ്പിക്കുന്നതെന്നും സംസ്കാരത്തെ പ്രകാശമാനമാക്കുന്നതെന്നും തിരിച്ചറിയാൻ ഈ യൂണിറ്റ് കുട്ടികളെ സഹായിക്കും.

## പ്രവേശകപ്രവർത്തനം

**ജി.** കുമാരപിള്ളയുടെ 'സ്നേഹത്തിന്റെ വർത്തമാനം' എന്ന കവിതയിലെ ഏതാനും വരികളാണ് പ്രവേശകപ്രവർത്തനമായി കൊടുത്തിരിക്കുന്നത്. പ്രപഞ്ചത്തോളം വളർച്ചയും വിസ്തൃതിയും സ്നേഹം മനുഷ്യന് സമ്മാനിക്കുന്നു. സ്നേഹത്തിന്റെ ഉപാധികളില്ലാത്ത അനന്തതയാണ് പ്രകൃതി നമുക്കു തരുന്നത്. അവാച്യമായ അനുഭൂതിയാണത്. കണ്ണെത്താത്ത ആകാശത്തോളം പറക്കാൻ സഹായിക്കുന്ന പ്രചോദനമായും ഏതു കൂരിരുട്ടിലും ഉജ്ജ്വലപ്രകാശം വിതറുന്ന കൈവിളക്കായും നാം സ്നേഹം അനുഭവിക്കുന്നു.

ജീവിതത്തിന്റെ സമസ്തഭാവമായി സ്നേഹം നിലകൊള്ളുന്നു എന്നാണ് ഈ കവിത നമ്മോടു പറയുന്നത്. സ്നേഹം ഏതൊക്കെ തരത്തിലാണ് കുട്ടിക്ക് അനുഭവപ്പെടുന്നത് എന്നും സ്നേഹത്തെക്കുറിച്ച് അവരുടെ സങ്കൽപ്പങ്ങൾ എന്തെല്ലാമാണെന്നും ഉള്ള കാര്യങ്ങൾ പങ്കിടലാണ് ഈ പ്രവർത്തനത്തിന്റെ ചർച്ചയിലൂടെ സാധിക്കേണ്ടത്. മനുഷ്യസ്നേഹത്തിന്റെ വ്യത്യസ്തതലങ്ങളെക്കുറിച്ചുള്ള ചിന്തയിലേക്കു നയിക്കുക എന്നതാണ് ഇവിടെ ലക്ഷ്യമാക്കുന്നത്.

- കുട്ടികൾ കവിത സ്വന്തമായി വായിച്ച് ഉൾക്കൊണ്ട ആശയം ഗ്രൂപ്പിൽ ചർച്ച ചെയ്യട്ടെ. പൊതുഅവതരണത്തിലൂടെ ആശയവ്യക്തത വരുത്താം.
    - ❋ സ്നേഹം ഭൂമിയായും വെള്ളമായും വായുവായും നിത്യനിദാനമായും നമുക്ക് പ്രത്യക്ഷമാവുന്നു.
    - ❋ സ്നേഹം അന്നമായും സാന്ത്വനമായും വേരിന് വളമായും ചില്ലയ്ക്ക് സൂര്യപ്രകാശമായും പല പ്രകാരത്തിൽ വരുന്നു.
- സ്നേഹത്തെ സംബന്ധിച്ച ഉദ്ബോധനങ്ങളുള്ള പ്രസിദ്ധമായ വരികൾ അധ്യാപിക അവതരിപ്പിക്കട്ടെ.

### ജി. കുമാരപിള്ള



മലയാളത്തിലെ പ്രമുഖനായ കവി. 1923 ആഗസ്റ്റ് 22 ന് കോട്ടയം ജില്ലയിലെ വെന്നിമലയിൽ ജനിച്ചു. ദീർഘകാലം അധ്യാപകനായിരുന്നു. കേരള മദ്യനിരോധന സമിതി അധ്യക്ഷനായി പ്രവർത്തിച്ചു. പാരമ്പര്യകവിതയുടെയും ആധുനികകവിതയുടെയും കൂടിച്ചേരലാണ് കുമാരപിള്ളയുടെ കൃതികൾ. കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്.

*അരളിപ്പൂക്കൾ, മരുഭൂമിയുടെ കിനാവുകൾ, ഓർമ്മയുടെ സുഗന്ധം, കവിത, സപ്തസ്വരം (കവിതകൾ); മൗലാനാ അബുൽകലാം ആസാദ്, ആചാര്യ നരേന്ദ്രദേവ് (ജീവചരിത്രങ്ങൾ); ലോകചരിത്രസംഗ്രഹം* എന്നിവയാണ് പ്രധാന കൃതികൾ. 2000 സപ്തംബർ 17 ന് അന്തരിച്ചു.

# 5.1.1 കൊച്ചനുജൻ

സഹോദരസ്നേഹത്തിന്റെ നിഷ്കളങ്കഭാവം അവതരിപ്പിക്കുന്ന കവിതയാണ് ഇടശ്ശേരി ഗോവിന്ദൻനായരുടെ 'കൊച്ചനുജൻ'. ചേച്ചിക്കും അനുജനും ഇടയിലുള്ള സ്നേഹത്തിലെ നിസ്വാർഥത, പാരസ്പര്യം എന്നിവയാണ് കവിത പകർന്നു നൽകുന്നത്. ജീവിതത്തിലെ പരുക്കൻ യാഥാർഥ്യങ്ങളിലൂടെ കടന്നുപോകുമ്പോഴും സ്നേഹത്തിന്റെ ആർദ്രസ്പർശം നമ്മെ അനുഭവിപ്പിക്കുന്നവയാണ് ഇടശ്ശേരിക്കവിതകൾ. അതിഭാവുകത്വമില്ലാതെ നനുത്ത ഒരു ഓർമ്മയായി ഏതൊരാളുടെയും കുട്ടിക്കാലത്തെ ആവാഹിക്കുകയാണ് കവി ഈ കവിതയിലൂടെ.

പെട്ടെന്നൊരു ദിനം സഹോദരി തന്നിൽനിന്ന് പറിച്ചുനടപ്പെടുകയാണെന്ന തോന്നൽ ഒരു കുട്ടിയിലുണ്ടാക്കുന്ന വൈകാരികസമ്മർദ്ദത്തെ കവി ഹൃദയസ്പൃക്കായി വരച്ചിടുകയാണ്. ആ ബാലന്റെ ആകുലതകളിൽ സഹോദരിയുടെ മനസ്സ് പ്രതിഫലിക്കുന്നത് കവിതയുടെ അവാച്യമായ ഒരു ഭാവതലമായി നമുക്ക് അനുഭവപ്പെടും.

ഒരു കാലഘട്ടത്തിലെ കേരളീയജീവിതത്തിന്റെ തുടിപ്പുകൾ കവിതയിൽ നിറഞ്ഞു നിൽക്കുന്നുണ്ട്. എങ്കിലും ഏതുകാലത്തെയും ബാല്യത്തിന്റെ സ്നേഹചിന്തകളാണ് കവിതയിലുള്ളത്. ചേച്ചിക്കും തനിക്കും പ്രിയപ്പെട്ട വസ്തുക്കൾ ചേച്ചിയുടെ അഭാവത്തിൽ കുട്ടിക്ക് അന്യമായി തോന്നുകയാണ്. കുട്ടിയിൽ മാത്രമല്ല, പലരൂപത്തിൽ ഈയനുഭവം ഏതൊരാളിലും ഉണ്ടായേക്കാം.

1971 ൽ പ്രസിദ്ധീകരിച്ചതാണ് ഈ കവിത. വൈകാരികമായ സ്പർശനത്തിലൂടെ ആസ്വാദ്യതയുടെ ഉയർന്നതലങ്ങളിലേക്ക് കുട്ടികളെ നയിക്കാൻ ഉതകുന്നതാണ് കവിത. ആ തരത്തിലാണ് പഠനപ്രവർത്തനങ്ങൾ തയാറാക്കേണ്ടത്.

## ഇടശ്ശേരി ഗോവിന്ദൻനായർ

1906 ഡിസംബർ 23 ന് മലപ്പുറം ജില്ലയിലെ കുറ്റിപ്പുറത്തുള്ള ഇടശ്ശേരിക്കളം തറവാട്ടിൽ ജനിച്ചു. വക്കീൽ ഗുമസ്തനായിട്ടാണ് ഉപജീവനം കഴിച്ചത്.



മലയാളകവിതയിൽ ജീവിതയാഥാർഥ്യങ്ങളുടെ പരുക്കൻ ഭാഷ ഉപയോഗിച്ചുകൊണ്ട് പുതിയൊരു കാവ്യസംസ്കാരത്തിന് രൂപം കൊടുത്തവരിൽ അഗ്രഗണ്യനായി കണക്കാക്കുന്നു. സാഹിത്യത്തിലെ 'പൊന്നാനിക്കളരി'യുടെ തുടക്കക്കാരനാണ്. കവിതയ്ക്കു പുറമെ നിരവധി നാടകങ്ങളും രചിച്ചിരിക്കുന്നു.

കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ ലഭിക്കുകയുണ്ടായി. *അളകാവലി, കാവിലെ പാട്ട്, കറുത്ത ചെട്ടിച്ചികൾ, പുത്തൻകലവും അരിവാളും, പൂതപ്പാട്ട്, തത്ത്വശാസ്ത്രങ്ങളുറങ്ങുമ്പോൾ, ഒരുപിടി നെല്ലിക്ക, കുങ്കുമപ്രഭാതം, ലഘുഗാനങ്ങൾ (കവിതാസമാഹാരങ്ങൾ); കൂട്ടുകൃഷി, നൂലാമാല, ചാലിയത്തി, കളിയും ചിരിയും, എണ്ണിച്ചുട്ട അപ്പം, ഞെടിയിൽ പടരാത്ത മുല്ല (നാടകങ്ങൾ); പൊരിച്ച നഞ്ഞ്, നാൽപ്പത്തൊന്നു സുന്ദരിമാർ (കഥകൾ)* എന്നിവയാണ് പ്രധാന കൃതികൾ. 1974 ഒക്ടോബർ 16-ന് അന്തരിച്ചു.

## ആശയം/ധാരണ

- ധ്വന്യാത്മകത, ഈണം, താളം, ആലങ്കാരികത എന്നിവ കവിതയുടെ പ്രധാന ഗുണങ്ങളാണ്.
- ഭാവം, താളം വൈകാരികത എന്നിവ പ്രതിഫലിപ്പിച്ചുകൊണ്ടാണ് കവിതാലാപനം നടത്തേണ്ടത്.
- ചമൽക്കാരം, ബിംബങ്ങൾ, വാങ്മയചിത്രം എന്നിവ കവിതയെ ആകർഷകമാക്കുന്നു.
- സർഗാത്മകരചനയിലേർപ്പെടുന്നത് ഭാഷാശേഷി മെച്ചപ്പെടാൻ സഹായിക്കുന്നു.
- വേർപിരിയേണ്ടി വരുമ്പോഴാണ് സ്നേഹത്തിന്റെ ആഴവും പരപ്പും തിരിച്ചറിയുന്നത്.

| പ്രവർത്തനങ്ങൾ | വ്യവഹാരരൂപങ്ങൾ | വിലയിരുത്തൽ |
|---|---|---|
| വായന<br>ചർച്ച<br>വിശകലനം<br>അനുഭവങ്ങൾ പങ്കുവയ്ക്കൽ<br>രചന<br>കാവ്യാലാപനം | താരതമ്യം ചെയ്യൽ<br>അനുഭവക്കുറിപ്പ്<br>കഥ/ കവിത രചന | കാവ്യാലാപനം<br>ചർച്ചയിലെ പങ്കാളിത്തം<br>രചനയിലെ മികവ് |

## പ്രവർത്തനവിശകലനം

### വരികളിലൂടെ

- കവിത കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു. വായനയിൽ ശ്രദ്ധ കേന്ദ്രീകരിക്കാനാണ് ഈ പ്രവർത്തനത്തിലെ ചോദ്യങ്ങൾ. ചോദ്യത്തിൽ ഉന്നയിച്ച ആശയം ഉൾക്കൊള്ളുന്ന വരികൾ കവിതയിൽനിന്ന് എടുത്തു ചൊല്ലുകയാണ് വേണ്ടത്.
- വ്യക്തിപരമായി കണ്ടെത്തിയ ഉത്തരങ്ങൾ ഗ്രൂപ്പിൽ അവതരിപ്പിക്കുകയും ചർച്ചയ്ക്കുശേഷം ഉചിതമായത് തിരഞ്ഞെടുത്ത് പൊതുവായി വായിക്കുകയും വേണം.
- ഓരോ കുട്ടിയും കവിത ഉചിതമായ താളത്തിലും ഈണത്തിലും ഗ്രൂപ്പിൽ ആലപിക്കേണ്ടതാണ്. പരസ്പരവിലയിരുത്തലിലൂടെ മികച്ച ആലാപനം കണ്ടെത്തണം. ആശയവ്യക്തത, ഭാവാത്മകത, ഉച്ചാരണസ്ഫുടത, താളത്തിനനുസരിച്ച ആകർഷകമായ ഈണം എന്നീ ഘടകങ്ങളാണ് വിലയിരുത്തലിന് പരിഗണിക്കേണ്ടത്.
- ഗ്രൂപ്പിൽനിന്ന് തിരഞ്ഞെടുത്തവ പൊതുവായി ആലപിക്കട്ടെ. ഒപ്പം താൽപ്പര്യപ്പെടുന്ന മറ്റു കുട്ടികൾക്കും അവസരം നൽകണം.

### വിശകലനം ചെയ്യാം

- ചില ചെറു ചോദ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കവിതയിലെ സവിശേഷമായ പ്രയോഗങ്ങളും വൈകാരികതയും കണ്ടെത്താനുള്ള പ്രവർത്തനമാണ് ആദ്യത്തേത്.

- തേനീച്ചക്കൂടായി തോന്നിയത് എന്താണ്?
- ഞാനറിയാത്ത ഭാഷയായി അനുഭവപ്പെട്ടത് എന്താണ്?
- മുതിർന്നവരുടെ സംസാരത്തിൽനിന്ന് കുട്ടി ഊഹിച്ചെടുത്തതെന്തൊക്കെയായിരിക്കും?

- ചർച്ച ചെയ്തശേഷം വ്യക്തിഗതമായി വിശകലനം ചെയ്യട്ടെ. ഗ്രൂപ്പിൽ അവതരിപ്പിച്ച് മെച്ചപ്പെടുത്താം.
- കവിതയിലെ വ്യത്യസ്തമായ അർഥതലങ്ങൾ സ്വാംശീകരിച്ച് ആശയങ്ങൾ ക്രോഡീകരിച്ച് പൂർവാപരബന്ധത്തോടെ സ്വന്തം കാഴ്ചപ്പാടിൽ അവതരിപ്പിക്കാനുള്ള പ്രവർത്തനമാണിത്. ചില സൂചനകളിലൂടെ ചർച്ച നയിക്കാം:
  - ചേച്ചിയുടെ സ്നേഹസാമീപ്യം, വാത്സല്യം എന്നിവ നഷ്ടപ്പെട്ടതിന്റെ സങ്കടം.
  - അനുജന്റെ മനസ്സിലെ വിചാരങ്ങൾ, നിഷ്കളങ്കമായ പ്രതികരണം എന്നിവ.
  - കുട്ടി സ്വയം സമാധാനിക്കുന്നത് - യാഥാർഥ്യത്തോടു പൊരുത്തപ്പെടാൻ ശ്രമിക്കുന്നത്. (അതോ പരിഭവം പറയുന്നതാണോ?)
  - കൗതുകത്തിന്റെ പ്രതീകമായ പാവയെയും സ്വപ്നത്തിന്റെ പ്രതീകമായ പീലിയെയും കുട്ടിയുടെ വികാരവുമായി ബന്ധിപ്പിച്ചത്.
- പ്രവർത്തനത്തിൽ സൂചിപ്പിച്ചതുപോലെ ചെറുപ്രായത്തിലുള്ള ചിന്തകൾ, വികാരങ്ങൾ എന്നിവയും കഥയുടെ പരിസരവും കഥാപാത്രങ്ങൾ തമ്മിലുള്ള ബന്ധവും കണക്കിലെടുത്താണ് വിശകലനം ചെയ്യേണ്ടത്.
- താഴെ കൊടുത്ത കവിതാഭാഗങ്ങളിലെ ആശയങ്ങൾ കുട്ടികൾ താരതമ്യം ചെയ്യട്ടെ.

"കുഞ്ഞേടത്തിയെത്തന്നെയല്ലോ
ഉണ്ണിക്കെന്നെന്നുമേറെയിഷ്ടം
പൊന്നേപ്പോലത്തെ നെറ്റിയിലുണ്ടല്ലോ
മഞ്ഞൾവരക്കുറി ചാന്തുപൊട്ടും
ഈറൻമുടിയിലെണ്ണ മണം; ചില-
നേരമാത്തുമ്പത്തൊരു പൂവും!
കയ്യിലൊരൊറ്റക്കുപ്പിവള; മുഖം
കണ്ടാൽ കാവിലെ ദേവിതന്നെ!
മടിയിലിരുത്തീട്ട് മാറോടു ചേർത്തിട്ട്
മണിമണി പോലെ കഥ പറയും
ആനേടെ, മയിലിന്റെ, ഒട്ടകത്തിന്റെയും
ആരും കേൾക്കാത്ത കഥ പറയും
കുഞ്ഞേടത്തിയെത്തന്നെയല്ലോ
ഉണ്ണിക്കെന്നെന്നുമേറെയിഷ്ടം."

*-കുഞ്ഞേടത്തി (ഒ.എൻ.വി.)*

"നീയെന്നരികിലിരുന്നു രാവിൽ
നീ മന്ദമന്ദം പുറം തലോടി
നീണ്ട നെടുവീർപ്പു കൊണ്ടുറക്കീട്ടു, ഞാൻ
കണ്ടു കനത്ത കിനാവനേകം.
പോവുകയാണു നീ വേറെയെങ്ങോ
പൊന്നനുജാതനെ കൂട്ടിടാതെ.
പാവയും പീലിയും ചേച്ചിയെ കാണാതെ
പാവം കരയുകിലെന്തു ചെയ്യും?
ഞാനിനിത്താനേ കുളിച്ചുകൊള്ളാം
ഞാനിനിത്താനേ കിടന്നുറങ്ങാം;
ആവില്ലാതൊന്നുമെന്നായവയെക്കൊണ്ടു
പോവുകയാവും കുറച്ചു ഭേദം."

*-കൊച്ചനുജൻ (ഇടശ്ശേരി)*

- ചേച്ചിയും അനുജനും തമ്മിലുള്ള സ്നേഹത്തിന്റെ വ്യത്യസ്തതലങ്ങൾ കവികൾ ഈ വരികളിൽ എങ്ങനെയാണ് സൂചിപ്പിക്കുന്നത് എന്ന് ഗ്രൂപ്പിൽ ചർച്ചചെയ്ത് അവതരിപ്പിക്കട്ടെ.
  - ചേച്ചിയുടെയും അനുജന്റെയും അഗാധവും ആർദ്രവുമായ സ്നേഹമാണ് രണ്ടിലും പ്രതിപാദിക്കുന്നത്.

* 'കുഞ്ഞേടത്തി'യിൽ ബാല്യകാലസ്മരണകളാണ് കവി ആവിഷ്കരിക്കുന്നതെങ്കിൽ 'കൊച്ചനുജനി'ൽ വർത്തമാനകാലാനുഭവമായിട്ടാണ് അവതരിപ്പിക്കുന്നത്.
* രണ്ടിലും കളിപ്പാട്ടങ്ങൾ സ്നേഹത്തിന്റെ പ്രതീകങ്ങളായി വരുന്നു.
* സാഹചര്യങ്ങളോട് പൊരുത്തപ്പെടാൻ ശ്രമിക്കുകയാണ് കൊച്ചനുജൻ.

- പൊതു ചർച്ചയ്ക്കുശേഷം 'കൊച്ചനുജനെ'ക്കുറിച്ചുള്ള വിവരണം വ്യക്തിഗതമായി തയാറാക്കി ഗ്രൂപ്പിൽ വായിച്ച് ചർച്ചചെയ്ത് മെച്ചപ്പെടുത്തട്ടെ. താഴെ കൊടുത്ത ഘടകങ്ങൾക്കനുസരിച്ചാണ് മെച്ചപ്പെടുത്തേണ്ടത്.

* ആശയതലം - വരികളിലെ ആശയം, വിശകലനത്തിലൂടെ കണ്ടെത്തിയ ആശയം, സ്വന്തം കാഴ്ചപ്പാട്
* ഭാഷാതലം - അക്ഷരത്തെറ്റില്ലാത്ത എഴുത്ത്, ഉചിതമായ പദങ്ങൾ, വാക്യഘടന

## അർഥഭംഗി കണ്ടെത്താം

- വാച്യാർഥത്തിനപ്പുറം വ്യംഗ്യാർഥമാണ് കവിതകളെ ഭാവനാസുന്ദരമാക്കുന്നത് എന്നതരത്തിൽ കവിതയിലെ ആശയങ്ങളെ ഉൾക്കൊള്ളാൻ കുട്ടികൾക്ക് സാധിക്കുംവിധത്തിലാണ് ഈ പ്രവർത്തനം ചെയ്യേണ്ടത്.
- 'ആഴത്തിലിത്രയും താണിറങ്ങിപ്പോയ
വേരിനിയെങ്ങനെ നീ പറിക്കും" എന്ന വരിയിൽ ഉള്ള ആശങ്കകളും ചോദ്യങ്ങളും കുട്ടിയിലൂടെ കവിയാണ് പറയുന്നത്. ചർച്ചയിലൂടെ താഴെ പറയുന്ന ആശയങ്ങൾ ഈ വരികളുമായി ബന്ധിപ്പിക്കാൻ അവസരം നൽകുക.

* ഒരിടത്തു മുളച്ചു വേരൂന്നി വളരുന്ന ചെടി പറിച്ചു മറ്റൊരിടത്തു നടുന്നതുപോലെയാണ് വിവാഹം കഴിച്ചുപോകുന്ന പെൺകുട്ടിയുടെ ജീവിതം.
* പറിച്ചു നടുമ്പോൾ ജനിച്ചു വളരുന്ന ഇടത്ത് അനുഭവപ്പെടുന്ന ശൂന്യത, ബന്ധങ്ങളിലുണ്ടാവുന്ന വേദന.

- മറ്റു കവിതകളിലെ വരികളുമായി ഈ വരികളെ ബന്ധിപ്പിക്കാം.

*ഉദാഹരണം*

"വേരൂന്നിയ നിലംവിട്ടു വേറെങ്ങോ നട്ടുപോറ്റുവാൻ
വേരോടേ പിഴുതീടുന്നതാരെന്നാ തൈയ്യറിഞ്ഞുവോ?
ഇല്ലവൾക്കറിയി,ല്ലച്ഛൻ ചൊല്ലിടാറുണ്ടിടയ്ക്കിടെ;
ഏറെച്ചിരിച്ചുപോയാൽ കണ്ണീരിലേ കഥയെത്തിടൂ..!" - *ഉജ്ജയിനി(ഒ.എൻ.വി)*

- ഗ്രൂപ്പിൽ ചർച്ചചെയ്ത് പൊതുവായി അവതരിപ്പിക്കട്ടെ.
- 'നീണ്ട നെടുവീർപ്പ്', 'കനത്ത കിനാവനേകം' എന്നീ പ്രയോഗങ്ങൾകൊണ്ട് ഉദ്ദേശിക്കുന്ന ആശയം എന്തായിരിക്കുമെന്ന് കുട്ടികൾ ഊഹിച്ച് പറയട്ടെ. പൊതുചർച്ചയിലൂടെ ഉചിതമായ അർഥം ഏതെന്ന് നിശ്ചയിക്കാം.

* മനസ്സിൽ ഊറിക്കൂടുന്ന വൈകാരികചിന്തകളെ അടക്കി ഒരു സമാശ്വാസത്തിലേക്ക് സ്വയം എത്തിപ്പെടുന്നതിനെയൊണ് 'നീണ്ട നെടുവീർപ്പ്' എന്ന പ്രയോഗത്തിലൂടെ കവി സൂചിപ്പിക്കുന്നത്.

* കിനാവുകൾ പോലും കടുപ്പമേറിയതായിരുന്നു എന്നാണ് 'കനത്ത കിനാവനേകം' എന്ന പ്രയോഗം കൊണ്ട് ഉദ്ദേശിച്ചത്.

## അനുഭവം പങ്കിടാം

- കവിതയുടെ വായനയ്ക്കിടയിലും അതിനുശേഷം നടന്ന പഠനപ്രവർത്തനങ്ങൾക്കിടയിലും കുട്ടികളുടെ മനസ്സിൽ തോന്നിയ സമാനമായ ചില സ്വകീയാനുഭവങ്ങൾ പറയാൻ അവസരം നൽകണം (വളരെ ഇഷ്ടപ്പെട്ട ആരെങ്കിലും വേർപിരിഞ്ഞപ്പോഴുള്ളത് തുടങ്ങിയവ).
    - ♦ എന്തായിരുന്നു അനുഭവം?
    - ♦ അനുഭവം ഉണ്ടായ സമയത്ത് ഉണ്ടായ വികാരം എന്തായിരുന്നു?
    - ♦ ഇപ്പോൾ വീണ്ടും അത് ഓർക്കുമ്പോൾ തോന്നുന്ന വികാരം എന്താണ്?
- അത്തരം അനുഭവങ്ങളെ കവിതയിലെ അനുഭവവുമായി താരതമ്യം ചെയ്തുകൊണ്ടുള്ള ചർച്ച ഗ്രൂപ്പിൽ നടത്താം.
- അതിനുശേഷം ആ അനുഭവത്തെ കുട്ടിക്ക് ഇഷ്ടപ്പെട്ട വിധത്തിൽ കവിതയായോ കഥയായോ വ്യക്തിപരമായി എഴുതട്ടെ.
- കഥ, കവിത എന്നിവയുടെ രചനയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ പൊതുവായി ചർച്ചചെയ്യണം.
- എഴുതിയത് ഗ്രൂപ്പിൽ ചർച്ചചെയ്ത് മെച്ചപ്പെടുത്തിയെഴുതാം. മെച്ചപ്പെട്ടതായി തിരഞ്ഞെടുത്തവ പൊതുവായി വായിച്ചവതരിപ്പിച്ചശേഷം പതിപ്പാക്കി പ്രകാശനം ചെയ്യാം.
- മുകളിൽ കൊടുത്ത സവിശേഷതകൾ പരിഗണിച്ച് വിലയിരുത്തൽ സൂചകങ്ങൾ കുട്ടികൾ പൊതുചർച്ചയിലൂടെ വികസിപ്പിക്കട്ടെ.

  *സൂചകങ്ങൾ*

    - * അനുഭവങ്ങൾ വൈകാരികമായി അവതരിപ്പിച്ചിട്ടുണ്ടോ?
    - * സ്വന്തം ഭാഷാശൈലി ഉപയോഗിച്ചിട്ടുണ്ടോ?
    - * ഉപയോഗിച്ച വ്യവഹാരരൂപത്തിന്റെ സവിശേഷതകൾ ഉൾക്കൊണ്ടിട്ടുണ്ടോ?
    - * ഉചിതമായ ശീർഷകം നൽകിയിട്ടുണ്ടോ?
    - * തുടക്കം, ഒടുക്കം എന്നിവയിൽ പുതുമ വന്നിട്ടുണ്ടോ?

## പഠനനേട്ടങ്ങൾ

- കവിതകൾ ഉചിതമായ ഭാവാവിഷ്കാരത്തോടെ യോജിച്ച താളത്തിലും ഈണത്തിലും ചൊല്ലി അവതരിപ്പിക്കുന്നു.
- കവിതയിലെ കഥാപാത്രത്തിന്റെ മാനസികാവസ്ഥ കണ്ടെത്തി വിശകലനം ചെയ്യുന്നു.
- കവിതകളിലെ ആശയം, ചമൽക്കാരം, ബിംബകൽപ്പന, വാങ്മയചിത്രം എന്നിവ കണ്ടെത്തി പറയുന്നു.
- പാഠഭാഗത്തുനിന്നു നേടിയ ഭാഷാപരവും ആശയപരവുമായ ശേഷികൾ പ്രയോജനപ്പെടുത്തി സർഗാത്മക രചനകളിൽ ഏർപ്പെടുന്നു.

# 5.1.2 അശ്വതി

സഹഭാവത്തിന്റെ ഉദാത്തമായ തലം വെളിപ്പെടുത്തുന്ന കഥയാണ് ടി. പത്മനാഭന്റെ 'അശ്വതി'. മനുഷ്യമനസ്സിനെ മാനവികതയുടെ വിശാലതയിലേക്ക് നയിക്കുകയാണ് കഥാകൃത്ത്. കാവ്യാത്മകമായ ഒരു വൈകാരികതലം കഥയിൽ സൃഷ്ടിക്കുന്നു. ആഖ്യാന സൗന്ദര്യത്തിന്റെ ധന്യതയ്ക്കൊപ്പം രചനാലാളിത്യവും പത്മനാഭൻകഥകളുടെ പ്രത്യേകതകളാണ്. തന്റെ കഥകളിലൂടെ സമൂഹികസമസ്യകളോട് ഗുണപരമായി പ്രതികരിക്കുകയാണ് അദ്ദേഹം ചെയ്യാറ്.

ഒരു കൊച്ചുകടയിലെ ചില നിമിഷങ്ങളുടെ ദൃശ്യത്തിലൂടെ നമ്മുടെ മനസ്സിലെ ആർദ്രതയെ ഉദ്ദീപിപ്പിക്കുന്ന കഥയാണിത്. നിഷ്കളങ്കയായ ഒരു നാടോടിബാലികയുടെ കുഞ്ഞുമനസ്സും പ്രായോഗിക ജീവിതത്തിന്റെ പ്രതീകമായ കച്ചവടക്കാരന്റെ ചിന്താഗതിയും എല്ലാറ്റിനും സാക്ഷിയും പങ്കാളിയുമായ ആഖ്യാതാവിന്റെ മനസ്സിലെ വിചാരവികാരങ്ങളും ചേർന്നുണ്ടാകുന്നത് മനുഷ്യനന്മയിലുള്ള വിശ്വാസമാണ്. കുട്ടിയുടെ മുഷിഞ്ഞതും വൃത്തിഹീനവുമായ പ്രകൃതത്തിനപ്പുറം പ്രപഞ്ചത്തെ മുഴുവൻ പ്രതിഫലിപ്പിക്കുന്ന അവളുടെ വിടർന്ന കണ്ണുകളാണ് ആഖ്യാതാവ് കാണുന്നത്. ആ കണ്ണുകളിൽ ജീവിതത്തിന്റെ ദൈന്യവും ആർദ്രതയും അയാൾ കാണുന്നു. മിഠായിഭരണിയും ക്ലാവു പിടിച്ച ഇരുപത് പൈസാത്തുട്ടും കനംതൂങ്ങുന്ന സഞ്ചിയും ജീവിതത്തിലെ വ്യത്യസ്താവസ്ഥകളുടെ പ്രതീകങ്ങളായി കഥയിൽ നിറയുന്നു.

കുന്നുകയറിയിറങ്ങുന്നതിന്റെ ആയാസത്തെ പരാമർശിച്ചുകൊണ്ട് തുടങ്ങുന്ന കഥ അവസാനിക്കുന്നത് ഭാരംതൂങ്ങുന്ന സഞ്ചിയുമായി തിരിച്ചുപോകുന്ന മറ്റൊരു ആയാസയാത്രയിലാണ്. കഥ പറയുന്ന ആളുടെ മനസ്സിന്റെ അവസ്ഥാന്തരത്തിൽ കഥാഗതിയെ സന്നിവേശിപ്പിക്കാനും പ്രമേയത്തെ ഋജുവായി അവതരിപ്പിക്കാനും ശ്രമിച്ചുകൊണ്ടുള്ള സവിശേഷമായ രചനാസങ്കേതമാണ് പത്മനാഭൻ ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

കഥകളുടെ വ്യത്യസ്തമായ വായനാനുഭവം ലഭിക്കുന്നതിലൂടെ ഭാഷാപരവും സർഗാത്മകവുമായ വളർച്ച കുട്ടികളിൽ ഉണ്ടാവാനുതകുന്ന പഠനപ്രവർത്തനങ്ങളാണ് ഇവിടെ നൽകിയിരിക്കുന്നത്.

## ടി. പത്മനാഭൻ



മലയാളത്തിലെ പ്രമുഖ ചെറുകഥാകൃത്ത്. കണ്ണൂർ ജില്ലയിലെ പള്ളിക്കുന്നിൽ 1931 ഫെബ്രുവരി 5 ന് ജനിച്ചു. അൽപ്പകാലം അഭിഭാഷകനായി പ്രവർത്തിച്ചു. പിന്നീട് എഫ്.എ.സി.ടിയിൽ ഡെപ്യൂട്ടി ജനറൽ മാനേജരായി ജോലി ചെയ്തു. മലയാള കഥാസാഹിത്യരംഗത്ത് വ്യത്യസ്തമായ ഒരു ആസ്വാദനാനുഭവം സൃഷ്ടിച്ച കഥാകൃത്ത് എന്ന നിലയിൽ ആദരിക്കപ്പെടുന്നു. കഥകൾ മാത്രമേ എഴുതൂ എന്ന് സ്വയം തീരുമാനിച്ച എഴുത്തുകാരനാണ്. കേന്ദ്ര- കേരള സാഹിത്യ അക്കാദമി അവാർഡുകൾ, എഴുത്തച്ഛൻ പുരസ്കാരം, എം. പി. പോൾ അവാർഡ്, വയലാർ അവാർഡ്, സഞ്ജയൻ പുരസ്കാരം, വള്ളത്തോൾ അവാർഡ് തുടങ്ങി നിരവധി ബഹുമതികൾ ലഭിച്ചിട്ടുണ്ട്.

*ഗൗരി, കടൽ, സാക്ഷി, മഖൻസിംഗിന്റെ മരണം, കാലഭൈരവൻ, നളിനകാന്തി, പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി, പുഴ കടന്ന് മരങ്ങളുടെ ഇടയിലേക്ക്, ആത്മാവിന്റെ മുറിവുകൾ, യാത്ര* തുടങ്ങിയവയാണ് പ്രധാന കഥാസമാഹാരങ്ങൾ.

## ആശയം/ധാരണ

- കഥ ഭാവാത്മകമായി വായിച്ചവതരിപ്പിക്കുന്നത് ആസ്വാദനത്തെ സഹായിക്കുന്നു.
- ചർച്ചകളും സംവാദങ്ങളും ആശയത്തെ കൂടുതൽ വ്യക്തതയുള്ളതാക്കുന്നു.
- കഥാസന്ദർഭങ്ങൾ അഭിനയിക്കുന്നത് കഥയുടെ വ്യത്യസ്ത തലങ്ങൾ തിരിച്ചറിയാൻ സഹായിക്കും.
- രചനകളും പ്രകടനങ്ങളും വിലയിരുത്തുതിന് ചില പൊതു ഉപാധികൾ വേണം. അവ സ്വയം കണ്ടെത്താൻ കഴിയുന്നവയാണ്.
- സഹഭാവം മനുഷ്യമനസ്സിനെ ഉദാത്തമാക്കുന്നു.

| പ്രവർത്തനങ്ങൾ | വ്യവഹാരരൂപങ്ങൾ | വിലയിരുത്തൽ |
|---|---|---|
| വായന<br>സംവാദം<br>സൂചകങ്ങൾ വികസിപ്പിക്കൽ<br>ശ്രാവ്യവായന<br>അഭിനയം | വിശകലനക്കുറിപ്പ് | കഥാവായന<br>സംവാദത്തിലെ പങ്കാളിത്തം |

## പ്രവർത്തനവിശകലനം

### വായിക്കാം പറയാം

- വായനയ്ക്കിടയിൽ കഥയുടെ പ്രമേയവും ഭാവവും ഉൾക്കൊള്ളാൻ സഹായിക്കുന്ന പ്രവർത്തനമാണിത്.
- കുട്ടിയുടെ സഹതാപാർഹമായ പ്രകൃതം, മിഠായിഭരണിയിലേക്കു കൊതിയോടെ യുള്ള നോട്ടം, കടക്കാരൻ മിഠായി കൊടുക്കാതായപ്പോൾ ആ കുഞ്ഞുകണ്ണുകളിൽ നിറഞ്ഞ ദൈന്യം എന്നീ സന്ദർഭങ്ങളിൽ കഥാനായകന്റെ മനസ്സിലുണ്ടായ വികാര ങ്ങൾ ചർച്ച ചെയ്യണം.
- അശ്വതി പ്രതികരിക്കാതിരിക്കുന്നതിന്റെ കാരണത്തെക്കുറിച്ച് ചിന്തിക്കാൻ വേണ്ടി ലഘുചോദ്യങ്ങളിലേക്ക് കുട്ടികളെ നയിക്കാം.
    - ♦ ചുറ്റിലുമുള്ള ആളുകളെ കുട്ടി എങ്ങനെയാണ് കാണുന്നത്?
    - ♦ കുട്ടിയുടെ പ്രതീക്ഷ എന്തിലാണ്?
    - ♦ അപരിചിതത്വം കുട്ടിയിൽ എങ്ങനെ പ്രകടമാവുന്നു?
- ചർച്ച അധ്യാപിക ക്രോഡീകരിക്കട്ടെ.
    - ✱ താൻ എന്തു പ്രതീക്ഷിച്ചാണോ നിൽക്കുന്നത്, അത് ലഭിച്ചതോടെ അപരി ചിതത്വം വെടിഞ്ഞ് കുട്ടിയുടെ മനസ്സ് ആഹ്ലാദപൂരിതമാവുന്നതിന്റെ ഫലമാ യാണ് അവൾ ആദ്യമായി പ്രതികരിക്കുന്നത്.

### വിശകലനം ചെയ്യാം വായിക്കാം

- ഈ പ്രവർത്തനത്തിലെ എല്ലാ ചോദ്യങ്ങളും കുട്ടികൾ ഗ്രൂപ്പിൽ ചർച്ച ചെയ്ത് പൊതുവായി അവതരിപ്പിക്കട്ടെ. അധ്യാപികയുടെ ക്രോഡീകരണത്തിനു ശേഷം വ്യക്തിഗതമായി നോട്ടുപുസ്തകത്തിൽ എഴുതാം.

- കണ്ടു നിൽക്കുന്നവനാണ് സാക്ഷി. എല്ലാം കാണുന്നതിനിടയിൽ ചിലതിൽ ശ്രദ്ധ ചെന്നെത്തുന്നത് എന്തെങ്കിലും ചില സവിശേഷതകൾ കൊണ്ടാവാം. അത്തരം സവിശേഷതകളിലേക്ക് കുട്ടികളുടെയും ശ്രദ്ധ ക്ഷണിക്കലാണ് ആദ്യ ചോദ്യം കൊണ്ട് ഉദ്ദേശിക്കുന്നത്.
    - ❋ കണ്ടു പരിചയമില്ലാത്ത കുട്ടി.
    - ❋ തികച്ചും അലസവും മുഷിഞ്ഞതുമായ പ്രകൃതം.
    - ❋ നോട്ടത്തിലും പെരുമാറ്റത്തിലുമുള്ള ദൈന്യം.
- “അവളുടെ നടത്തത്തിന് വേഗം കൂടുകയും ഒടുവിൽ അവൾ ഓടി ഇരുളിൽ മറയുകയും ചെയ്തു.”

  “ഞാൻ വളരെ പതുക്കയേ നടന്നിരുന്നുള്ളൂ.” രണ്ടു കഥാപാത്രങ്ങളുടെയും മാനസികനിലയാണ് കഥാകൃത്ത് ഈ വാക്യങ്ങളിൽ പ്രതിഫലിപ്പിക്കുന്നത്.

  ചലനത്തിന്റെ വിരുദ്ധതലങ്ങളാണ് വേഗവും സാവധാനവും. സന്തോഷാതിരേകമാണ് കുട്ടിയിൽ; ചിന്താക്ലേശമാണ് ആഖ്യാതാവിൽ.
- കച്ചവടക്കാരന്റെ മനസ്സ് സങ്കുചിതമാണോ വിശാലമാണോ എന്ന ഒരു സംവാദം ക്ലാസിൽ നടക്കട്ടെ. ഓരോ പ്രസ്താവനയോടും കുട്ടികൾ എങ്ങനെ പ്രതികരിക്കുന്നു, അതിന് എന്തെല്ലാം വാദമുഖങ്ങൾ ഉന്നയിക്കുന്നു എന്നതാണ് കണക്കിലെടുക്കേണ്ടത്. (ഒരു കുട്ടിയെ മോഡറേറ്ററായി നിശ്ചയിക്കാം.)
    - ♦ സങ്കുചിതമെന്നു പറയുന്നവർ ഒരു ഭാഗത്തും വിശാലമാണെന്നു പറയുന്നവർ മറുഭാഗത്തുമായി വാദങ്ങൾ ചർച്ചചെയ്ത് തെളിവുകൾ കണ്ടെത്തട്ടെ. പിന്നീട് ഓരോ ഗ്രൂപ്പിൽനിന്നും ഓരോരുത്തർ സംവാദത്തിൽ തങ്ങളുടെ വാദങ്ങൾ ഉന്നയിക്കട്ടെ.
    - ♦ ഇരുഭാഗത്തുനിന്നും ഉന്നയിക്കപ്പെട്ട യുക്തിസഹമായ വാദങ്ങൾ മോഡറേറ്റർ കുറിച്ചെടുത്ത് ക്രോഡീകരിച്ച് അവതരിപ്പിക്കണം.
- ‘പറിച്ചുനട്ടതിനു ശേഷം വെള്ളം കിട്ടാത്തതിനാൽ വാടിപ്പോയ ഒരു ചെടിയുടെ ദൈന്യം’ എന്ന വാക്യത്തിലെ ആശയം ചർച്ചചെയ്യട്ടെ.
    - ♦ പറിച്ചുനട്ട ചെടിയോട് കുട്ടിയെ ഉപമിച്ചതിലെ ഔചിത്യം എന്താണ്? (അന്യനാട്ടുകാരി, കുട്ടിയുടെ മുഖത്തെ ക്ഷീണഭാവം തുടങ്ങിയ പ്രത്യേകതകൾ പറിച്ചു നട്ട, വാടിയ എന്നീ പ്രയോഗങ്ങളുമായി എത്രത്തോളം യോജിക്കുന്നു തുടങ്ങിയ കാര്യങ്ങൾ).
    - ♦ ‘വെള്ളം കിട്ടാത്തതിനാൽ’ എന്ന പ്രയോഗം കുട്ടിയെ സംബന്ധിച്ച് എത്രത്തോളം യോജിക്കുന്നു?
- ചർച്ചയ്ക്കു ശേഷം കുട്ടിയെക്കുറിച്ച് വ്യക്തിപരമായി കുറിപ്പ് തയാറാക്കി ഗ്രൂപ്പിൽ വായിച്ച് ചർച്ചയിലൂടെ മെച്ചപ്പെടുത്തി എഴുതട്ടെ. ഗ്രൂപ്പിൽനിന്ന് തിരഞ്ഞെടുത്തവ പൊതുവായി വായിക്കാം.
    - ❋ ജനിച്ചു വളർന്ന സാഹചര്യങ്ങളിൽനിന്നു മാറി അന്യനാട്ടിൽ ജീവിക്കുമ്പോഴുണ്ടാവുന്ന ദൈന്യമാണ് കുട്ടിയിൽ കാണുന്നത് - മുളച്ച മണ്ണിൽ നിന്ന് വേർപെടുത്തിയ ചെടിയെപ്പോലെ. ദാരിദ്ര്യത്തിന്റെ അവശത ദൈന്യത്തിന്റെ ആഴം കൂട്ടുകയും ചെയ്യുന്നു.

## വായിക്കാം അഭിനയിക്കാം

- കുട്ടികൾ കഥ വായിച്ച് ഇഷ്ടപ്പെട്ട സന്ദർഭങ്ങൾ ഓരോരുത്തരായി പറയട്ടെ. പൊതുചർച്ചയിലൂടെ പ്രധാനപ്പെട്ട സന്ദർഭങ്ങൾ പട്ടികയാക്കാം.

- ❋ കഥാനായകൻ എത്തിയ ഉടനെയുള്ള രംഗം.
- ❋ കുട്ടി ശ്രദ്ധയിൽപ്പെടുന്നത്.
- ❋ കുട്ടി മിഠായി ആവശ്യപ്പെടുന്നത്.
- ❋ കഥാനായകൻ മിഠായി വാങ്ങിക്കൊടുക്കുന്നത്.
- ❋ കടക്കാരൻ തന്റെ വകയായി മിഠായി കൊടുക്കുന്നത്.
- ❋ കഥാനായകൻ തിരിച്ചു പോകുന്നത്.

- അഭിനയം പല തരത്തിലാവാം.
  - ❋ ഒറ്റക്കഥാപാത്രത്തെ മാത്രം അഭിനയിക്കൽ.
  - ❋ ഒരു സന്ദർഭത്തെ പലർ ചേർന്ന് അഭിനയിക്കൽ.
  - ❋ ഒരാൾ തന്നെ എല്ലാ കഥാപാത്രങ്ങളെയും അഭിനയിച്ചു അവതരിപ്പിക്കൽ.

  ഇതിൽ ഏതാണോ ഉചിതം അത് സൗകാര്യാനുസരണം തിരഞ്ഞെടുക്കാം.
- അഭിനയം കുട്ടികൾ പരസ്പരം വിലയിരുത്തട്ടെ.
  - ▣ കഥാപാത്രത്തിന്റെ രൂപഭാവങ്ങൾ.
  - ▣ വൈകാരികത.
  - ▣ സന്ദർഭത്തിലെ ആശയം.
  - ▣ സംഭാഷണത്തിലെ സ്വാഭാവികത
  - ▣ അഭിനയത്തിലെ സ്വന്തമായ ശൈലി.

  എന്നീ ഘടകങ്ങൾ വിലയിരുത്തലിന് പരിഗണിക്കാം.

## വായന വിലയിരുത്താം

- കഥയുടെ ഭാവാവിഷ്കാരത്തോടെയുള്ള ശ്രാവ്യവായനയിൽ കുട്ടികളെ കഴിവുള്ളവരാക്കാനുള്ള പ്രവർത്തനമാണിത്.
  - ❋ ഉച്ചാരണസ്ഫുടത.
  - ❋ ആശയവ്യക്തത വരുംവിധമുള്ള നിർത്തലുകളും നീട്ടലുകളും.
  - ❋ കഥയിലെ വൈകാരികാംശം സ്വാംശീകരിച്ച് പ്രകടിപ്പിക്കൽ.

  എന്നീ ഭാഷാശേഷികൾ വികസിക്കാനുതകുന്നതാണ് ഈ പ്രവർത്തനം.
- ഓരോ കുട്ടിയും ഗ്രൂപ്പിൽ കഥ വായിക്കട്ടെ. വിലയിരുത്തലിന് ആവശ്യമായ സൂചകങ്ങൾ പൊതുചർച്ചയിലൂടെ വികസിപ്പിക്കണം.

  *സൂചകങ്ങൾ*

  - * ഉചിതമായ ശബ്ദനിയന്ത്രണം.
  - * ഭാവപ്രകടനം.
  - * ആവശ്യമായിടത്ത് നിർത്തലും നീട്ടലും.
  - * വേഗത്തിന്റെ നിയന്ത്രണവും താളവും.

## പഠനനേട്ടങ്ങൾ

- കഥ ഉചിതമായ ഭാവത്തോടെ വായിച്ചവതരിപ്പിക്കുന്നു.
- സംവാദത്തിൽ പങ്കെടുത്ത് ആശയങ്ങളും നിലപാടുകളും യുക്തിസഹമായി അവതരിപ്പിക്കുന്നു.
- കഥകളിലെ സന്ദർഭങ്ങൾ അഭിനയിച്ച് അവതരിപ്പിക്കുന്നു.
- സൂചകങ്ങൾ വികസിപ്പിച്ച് സ്വന്തം പ്രകടനവും മറ്റുള്ളവരുടെ പ്രകടനങ്ങളും വിലയിരുത്തുന്നു.

# 5.1.3 നമ്മുടെ ലോകം നാം സൃഷ്ടിക്കുന്നു

ജീവിതത്തെ തനിക്കും മറ്റുള്ളവർക്കും ഉപകാരപ്രദമായ തരത്തിൽ മനോഹരമാക്കി മാറ്റാൻ കഴിഞ്ഞാൽ വ്യക്തിജീവിതത്തിലും സമൂഹജീവിതത്തിലും പുരോഗതി സാധ്യമായിത്തീരുമെന്ന സന്ദേശമാണ് കെ.പി. കേശവമേനോന്റെ ഈ ലേഖനം നൽകുന്നത്. പതനങ്ങളും തിരിച്ചടികളും ജീവിതത്തിൽ സ്വാഭാവികമാണ്. അതേപോലെ ഉന്നതികളും. രണ്ടിനെയും നാം ഒരുപോലെ പ്രതീക്ഷിച്ചുകൊണ്ടിരിക്കണം. എല്ലാറ്റിനോടും സന്തുലിതമായ സമീപനം വച്ചുപുലർത്താൻ പരിശ്രമിക്കുകയാണ് ചെയ്യേണ്ടത്. തിരിച്ചടികളിൽ പതറാതെ മനസ്സാന്നിധ്യം വീണ്ടെടുക്കാൻ കഴിയുന്നവർക്കു മാത്രമേ ജീവിതത്തിൽ വിജയം കൈവരുകയുള്ളൂ. ആ ശ്രമം ചിലപ്പോൾ വലിയ ഉയർച്ചയ്ക്കു തന്നെ കാരണമായേക്കാം.

വ്യക്തിത്വവികസനത്തിന് അനുഗുണമായ നിരവധി ലേഖനങ്ങൾ എഴുതിയ കെ.പി. കേശവമേനോന്റെ ജീവിതംതന്നെ മുകളിൽ സൂചിപ്പിച്ച കാര്യത്തിന് ഉദാഹരണമാണ്. തനിക്കു വന്നുഭവിച്ച അന്ധത ജീവിതപ്രയാണത്തിന് ഒരു തടസ്സമായി അദ്ദേഹം കണ്ടില്ല. അതിനെ അവഗണിച്ചുകൊണ്ട് ജീവിതത്തിൽ അത്യുന്നതമായ പദവികളിലേക്ക് അദ്ദേഹം ചവിട്ടിക്കയറി. സ്വന്തം അനുഭവത്തിൽനിന്നു ലഭിച്ച പ്രചോദനം മറ്റുള്ളവർക്കായി പകർന്നുനൽകുകയാണ് ഇത്തരം ലേഖനങ്ങളിലൂടെ അദ്ദേഹം ചെയ്യുന്നത്.

സ്വന്തം ജീവിതത്തെ അഗാധമായി സ്നേഹിക്കുന്നവർക്കേ ജീവിതത്തെ പ്രസാദാത്മകമായി കാണാൻ കഴിയൂ എന്നതാണ് പ്രധാനം. നിരാശയുടെ ഗർത്തത്തിലാണ്ടുപോകാതെ പരിമിതികളെ മികവുകളായി കണക്കിലെടുത്തും വീഴ്ചയെ കയറാനുള്ള ഊർജമാക്കിയെടുത്തും പുതുതലമുറയെ മുന്നേറാൻ പ്രേരിപ്പിക്കുന്ന ഇത്തരം ഉദ്ബോധനങ്ങൾ ആവശ്യമാണ്

ഗഹനമായ വിഷയങ്ങൾ സരളമായ ഭാഷയിൽ എങ്ങനെ അവതരിപ്പിക്കാമെന്നതിന് മികച്ച ഉദാഹരണങ്ങളാണ് കെ.പി. കേശവമേനോന്റെ ലേഖനങ്ങൾ. കുട്ടികളിൽ ഭാഷാനുശീലനം വളർത്താനും ആത്മവിശ്വാസം വളർത്തി പ്രചോദനം നൽകാനും ഉദ്ദേശിച്ചാണ് ഈ പാഠഭാഗം ഉൾപ്പെടുത്തിയിരിക്കുന്നത്.

## കെ.പി. കേശവമേനോൻ



മികച്ച പത്രാധിപർ, സ്വാതന്ത്ര്യസമരസേനാനി, സാംസ്കാരികനായകൻ, ഗദ്യകാരൻ എന്നീ നിലകളിൽ നിറഞ്ഞുനിന്ന വ്യക്തിത്വമാണു കെ.പി. കേശവമേനോൻ. ജീവചരിത്രം, വ്യക്തിത്വവികസനത്തിനുതകുന്ന ലേഖനങ്ങൾ എന്നീ സാഹിത്യമേഖലകളിൽ സവിശേഷമായ സംഭാവനകൾ നൽകി.

1886 സപ്തംബർ 1 ന് പാലക്കാട്ട് ജനിച്ചു. അഭിഭാഷകനായിരുന്നു. സ്വാതന്ത്ര്യസമരസേനാനി എന്ന നിലയിൽ നിരവധി സമരങ്ങൾക്കു നേതൃത്വം നൽകി. 1927 മുതൽ മലയയിൽ നേതാജിയുടെ ഐ.എൽ.എ. മന്ത്രിസഭയിൽ പ്രചാരണവകുപ്പ് മന്ത്രിയായിരുന്നു. 1951 ൽ സിലോണിൽ ഹൈക്ക

മ്മീഷണറായി പ്രവർത്തിച്ചു. മാതൃഭൂമി പത്രത്തിന്റെ സ്ഥാപകരിൽ പ്രമുഖനും ദീർഘകാലം അതിന്റെ മുഖ്യപത്രാധിപരുമായിരുന്നു. കേരള സാഹിത്യ അക്കാദമി, തുഞ്ചൻ സ്മാരകസമിതി എന്നിവയുടെ അധ്യക്ഷനായി പ്രവർത്തിച്ചു. പത്മഭൂഷൺ, കേന്ദ്ര -കേരള സാഹിത്യ അക്കാദമി അവാർഡുകൾ എന്നീ ബഹുമതികൾ ലഭിച്ചിട്ടുണ്ട്.

*രാഷ്ട്രപിതാവ്, യേശുദേവൻ, ജവഹർലാൽനഹ്റു, നവഭാരതശിൽപ്പികൾ (ജീവചരിത്രം); ബിലാത്തിവിശേഷം, ബന്ധനത്തിൽ നിന്ന് (യാത്രാവിവരണങ്ങൾ); ഗാനഭൂമി, അസ്തമയം (ചെറുകഥ); കഴിഞ്ഞകാലം (ആത്മകഥ); ജീവിതചിന്തകൾ, നാം മുന്നോട്ട്, സായാഹ്നചിന്തകൾ (ലേഖനസമാഹാരങ്ങൾ)* എന്നിവയാണ് പ്രധാനകൃതികൾ. 1978 നവംബർ 11 ന് അന്തരിച്ചു.

## ആശയം/ധാരണ

- ചർച്ചകളിൽ സ്വന്തം നിലപാടുകൾ യുക്തിസഹമായി അവതരിപ്പിക്കണം.
- നിലപാടുകളെ പരസ്പരം തട്ടിച്ചുനോക്കി മെച്ചപ്പെടുത്താം.
- വ്യത്യസ്ത നിലപാടുകൾക്ക് വ്യത്യസ്തമായ സാധൂകരണങ്ങളുണ്ട്.
- ആശയത്തെ അപഗ്രഥിച്ച് സ്വാംശീകരിക്കുന്നതിലൂടെയാണ് ചോദ്യനിർമ്മാണം സാധ്യാമാവുന്നത്.
- ജീവിതം സഹ്യമോ അസഹ്യമോ ആക്കുന്നത് നാം തന്നെയാണ്.

| പ്രവർത്തനങ്ങൾ | വ്യവഹാരരൂപങ്ങൾ | ഭാഷാവസ്തുതകൾ | വിലയിരുത്തൽ |
|---|---|---|---|
| വായന<br>ചോദ്യനിർമ്മാണം<br>വാദങ്ങൾക്ക് തെളിവുകൾ ഉന്നയിക്കൽ | വിശകലനക്കുറിപ്പ് | അർധവിരാമം | ചോദ്യനിർമ്മാണത്തിലെ മികവ്.<br>തെളിവുകൾ കണ്ടെത്തുന്നതിലെ മികവ്. |

## പ്രവർത്തനവിശകലനം

### ചോദ്യങ്ങൾ ഉണ്ടാക്കൂ

- വായനയിൽ ശ്രദ്ധ വരുത്താനും ആശയങ്ങൾ മനസ്സിലാക്കാനും ഉദ്ദേശിച്ചുകൊണ്ടുള്ള പ്രവർത്തനമാണിത്. കുട്ടികളുടെ വ്യക്തിഗത വായനയാണ് ആദ്യം വേണ്ടത്.
- ഓരോരുത്തരും ചോദ്യങ്ങൾ നിർമ്മിക്കട്ടെ.
- ചോദ്യങ്ങൾ ചിലത് ഇങ്ങനെയാവാം:
  - നമ്മുടെ ലോകം ഉണ്ടാക്കിയെടുക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നത് എന്തൊക്കെ?
  - ഇരുളടഞ്ഞ ലോകത്ത് മുന്നോട്ടു പോകാൻ സഹായിക്കുന്നതെങ്ങനെ?
- എഴുതിയ ചോദ്യങ്ങൾ ഗ്രൂപ്പിൽ വായിച്ച് പ്രസക്തമായവ തിരഞ്ഞെടുത്ത് പൊതുവായി അവതരിപ്പിക്കണം. പൊതു അവതരണത്തിൽ ചോദ്യങ്ങൾ പരസ്പരം വിലയിരുത്താം.

*സൂചകങ്ങൾ*

- ലളിതമായ വാക്യങ്ങളാണോ?
- കൃത്യമായ ഉത്തരം ലഭിക്കുന്നുണ്ടോ?
- ചോദ്യം പ്രസക്തമാണോ?

- ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ മറ്റു ഗ്രൂപ്പുകൾ കണ്ടെത്തി അവതരിപ്പിക്കട്ടെ.
- പാഠഭാഗത്തെ പ്രധാനാശയങ്ങൾ അധ്യാപിക ക്രോഡീകരിക്കണം.
  - നമ്മുടെ ലോകം നാം സൃഷ്ടിക്കുന്നതുതന്നെ. ("നമുക്ക് നാമേ പണിവതു നാകം നരകവുമതുപോലെ" എന്ന ഉള്ളൂരിന്റെ വരികൾ ഓർമ്മിപ്പിക്കുക).
  - നാം ഓരോരുത്തരുടെയും ജീവിതതാൽപ്പര്യങ്ങൾ നമ്മുടെ ലോകത്തെ സൃഷ്ടിക്കുന്നു.
  - ഇരുട്ടിന്റെ കുന്തമുനയിൽ നിൽക്കുന്ന ലോകത്തെ പുതുവെളിച്ചത്തിലേക്കു കൊണ്ടുവരുമ്പോൾ ലോകം വികസിക്കുന്നു.
  - മഹാന്മാർ തങ്ങളുടെ ജീവിതത്തിലൂടെ ലോകമെങ്ങും നന്മയുടെ ദീപശിഖയേന്തി യാത്ര നടത്തുന്നു.
- പ്രസക്തമായ ചോദ്യങ്ങളും ഉത്തരങ്ങളും ചാർട്ടിൽ എഴുതി തയാറാക്കി ക്ലാസിൽ പ്രദർശിപ്പിക്കണം.

## വാദങ്ങൾ പരിശോധിക്കാം

- പാഠഭാഗത്തിലെ പ്രധാനാശയങ്ങളും അവയുടെ ഊന്നലുകളും കൃത്യമായി ഉൾക്കൊള്ളാൻ സഹായിക്കുന്നതാണ് ഈ പ്രവർത്തനം.
- കൊടുത്ത പ്രസ്താവനകൾ സ്വന്തമായി അപഗ്രഥിച്ച് തെറ്റാണോ ശരിയാണോ എന്ന് വ്യക്തിപരമായി രേഖപ്പെടുത്തട്ടെ. തെറ്റായാലും ശരിയായാലും എന്തുകൊണ്ട് എന്ന് പൊതുചർച്ചയിൽ വിശദീകരിക്കാൻ കുട്ടികൾക്ക് കഴിയണം.
- തെറ്റായ പ്രസ്താവന ശരിയാക്കി എഴുതാനുള്ള അവസരം നൽകണം.
- ഈ പ്രവർത്തനത്തിലൂടെ പാഠഭാഗത്തെ കേന്ദ്രാശയം ക്രോഡീകരിക്കണം.
  - ലോകം വിചിത്രവും വ്യത്യസ്തവുമായ അനുഭവങ്ങളുടെ മേഖലയാണ്. മുന്നേറ്റങ്ങളും തിരിച്ചടികളും അതിൽ സ്വാഭാവികമാണ്. മറ്റുള്ളവരുടെ അനുഭവങ്ങളിൽനിന്ന് കണ്ടുപഠിക്കുക, സ്വാനുഭവത്തിലൂടെ കൂടുതൽ തിരിച്ചറിവുകൾ നേടുക എന്നിവയാണ് പ്രധാനം.
  - ഏത് ഇരുട്ടിനും ഒരു പ്രകാശം അപ്പുറത്ത് ഉണ്ടാവുമെന്ന പ്രതീക്ഷ കൈവിടരുത്. മനശ്ശക്തിയിലൂടെ ഇരുട്ടിൽ വെളിച്ചമുണ്ടാക്കിയെടുക്കാൻ ശ്രമിക്കുക. ആത്മവിശ്വാസവും ലക്ഷ്യബോധവും ഏതു നാശത്തിൽനിന്നും നമ്മെ കരകയറ്റും.

## തെളിവുകൾ കണ്ടെത്താം

- കൊടുത്ത പ്രസ്താവനയ്ക്ക് പാഠഭാഗത്തു നൽകിയ തെളിവ് കുട്ടികൾ വ്യക്തിഗതമായി കണ്ടെത്തി കുറിച്ച് അവതരിപ്പിക്കട്ടെ. പൊതുചർച്ചയിൽനിന്ന് ഉചിതമായത് സ്വീകരിക്കാം.
- ഗ്രൂപ്പ്ചർച്ചയിലൂടെ കൂടുതൽ തെളിവുകൾ കണ്ടെത്തി അവതരിപ്പിക്കണം. കണ്ടെത്തിയ തെളിവുകളുടെ പ്രസക്തി, അത് പാഠഭാഗത്തിലെ ആശയത്തോട് എത്രമാത്രം യോജിക്കുന്നു എന്ന് പരസ്പരം വിലയിരുത്തണം.
  - "ഒന്ന് ചീഞ്ഞ് മറ്റൊന്നിനു വളമാകുന്നു" എന്ന പഴഞ്ചൊല്ലിന്റെ ആശയം ഇവിടെ പറഞ്ഞ പ്രസ്താവനയുമായി യോജിക്കുന്നതാണ്.

## വിശകലനം ചെയ്യാം

- ഗാരി ഡേവിഡിന്റെ അനുഭവം കുട്ടികൾ വായിച്ച് അതിലെ പ്രധാനാശയം കുറിക്കട്ടെ. ചെറുചോദ്യങ്ങളിലൂടെ ചർച്ച നയിക്കാം.
  - യുദ്ധകാലത്തെ കാഴ്ചകൾ ഗാരിയിലുണ്ടാക്കിയ മനോവികാരം എന്താണ്?
  - നാട്ടിൽ തിരിച്ചെത്തിയ ഗാരി കൈക്കൊണ്ട തീരുമാനം എന്തായിരുന്നു?
  - അത് പ്രാവർത്തികമാക്കാൻ അദ്ദേഹം ചെയ്തതെന്താണ്?
  - ഗാരിയുടെ പ്രവൃത്തിയിലുണ്ടായ പരിവർത്തനത്തിന്റെ മഹത്ത്വം എന്ത്?
- ഈ ചർച്ചയ്ക്കു ശേഷം പാഠഭാഗത്തിലെ ആശയത്തെ ഗാരിയുടെ അനുഭവവുമായി താരതമ്യം ചെയ്ത് അവതരിപ്പിക്കട്ടെ.
- കലിംഗയുദ്ധാനന്തരം അശോകചക്രവർത്തിയിലുണ്ടായ പരിവർത്തനം (അതുമായി ബന്ധപ്പെട്ട കുറിപ്പുകളോ പുസ്തകങ്ങളോ വായനയ്ക്കായി ക്ലാസ് ലൈബ്രറിയിൽ ലഭ്യമാക്കണം) ഇതോടൊപ്പം ചർച്ച ചെയ്യാം.
- കുട്ടികൾ വ്യക്തിഗതമായി വിശകലനക്കുറിപ്പ് തയാറാക്കി ഗ്രൂപ്പിൽ ചർച്ചചെയ്ത് മെച്ചപ്പെടുത്തി എഴുതട്ടെ. ഗ്രൂപ്പിൽ മികച്ചത് തിരഞ്ഞെടുത്ത് പൊതുവായി അവതരിപ്പിക്കണം.

## ചിഹ്നം ചേർക്കൽ

- വാക്യത്തിലെ ഒരാശയം പൂർണമാവുകയും തുടർച്ചയായ ആശയം അതോടൊപ്പം ചേർത്ത് പറയുകയും ചെയ്യേണ്ടിവരുന്ന സന്ദർഭങ്ങളിലാണ് അർധവിരാമം ചേർക്കുക.
- തുടർച്ചയായ ചോദ്യങ്ങളിലൂടെ വാക്യത്തിന്റെ ആശയത്തിലേക്ക് കുട്ടികളെ നയിക്കാം.
  - ശാസ്ത്രജ്ഞർ മുന്നോട്ടുവച്ച രണ്ടു വാദങ്ങൾ ഏതൊക്കെയാണ്?
  - ഈ രണ്ടു വാദങ്ങളെയും ചേർത്തു പറഞ്ഞിരിക്കുന്നത് അർധവിരാമം എന്ന ചിഹ്നം ഉപയോഗിച്ചാണ്. ഈ ചിഹ്നം ഉപയോഗിച്ചില്ലെങ്കിൽ എങ്ങനെയാണ് ഇവയെ ചേർത്ത് ഒറ്റവാക്യമാക്കുക?

എവിടെ നാം പാർക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നുവോ, അതാണ് നമ്മുടെ ലോകമെന്നും പരിസരങ്ങളും പാരമ്പര്യങ്ങളുമാണ് ഈ ലോകത്തെ രൂപപ്പെടുത്തുന്നത് എന്നുമാണ് ഇതുവരെ ശാസ്ത്രജ്ഞർ വാദിച്ചിരുന്നത്.

- അർധവിരാമം ചേർക്കാനായി മറ്റു ചില വാക്യമാതൃകകൾ നൽകാം.
  - ഈ രാത്രിയിൽ നല്ല മഞ്ഞുണ്ട്, നിലാവുമുണ്ട്.
  - എനിക്ക് ക്ഷീണമുണ്ട്, ജോലി ഇനിയും ചെയ്യാൻ ബാക്കികിടക്കുന്നു.
- അർധവിരാമം ചേർത്തെഴുതിയ വാക്യങ്ങൾ ഗ്രൂപ്പിൽ ചർച്ചചെയ്യട്ടെ. പൊതുവായി അവതരിപ്പിച്ച് മെച്ചപ്പെടുത്താം.

## സംവാദം നടത്താം

- 'നമ്മുടെ ലോകം നാം സൃഷ്ടിക്കുന്നു' എന്ന വിഷയത്തിൽ ഒരു സംവാദം നടത്താം. പാഠപുസ്തകത്തിലെ ആശയത്തോടൊപ്പം സ്വന്തം നിരീക്ഷണങ്ങളും കുട്ടികൾ യുക്തിപൂർവം അവതരിപ്പിക്കണം.
- ഗ്രൂപ്പുകളായി തിരിഞ്ഞ് അനുകൂലവും പ്രതികൂലവുമായ വാദങ്ങൾ ചർച്ച ചെയ്യട്ടെ. ഓരോ ഗ്രൂപ്പിൽനിന്നും ഒരാൾ അനുകൂലവും മറ്റൊരാൾ പ്രതികൂലവുമായ വാദങ്ങൾ അവതരിപ്പിക്കണം.

- ചർച്ചയ്ക്കാവശ്യമായ ചില സൂചനകൾ അധ്യാപിക നൽകണം.
    - ജീവിതലക്ഷ്യം
    - കഠിനപ്രയത്നം
    - പ്രചോദനങ്ങൾ
    - ആകസ്മിക സംഭവങ്ങൾ
    - മഹാന്മാരുടെ ജീവിതകഥ
    - സാമൂഹികനന്മ
- കുട്ടികൾക്കിടയിൽനിന്ന് തിരഞ്ഞെടുത്ത മോഡറേറ്റർ ചർച്ച ക്രോഡീകരിക്കട്ടെ.
- സ്വന്തം നിരീക്ഷണങ്ങൾ യുക്തിയോടെ അവതരിപ്പിക്കുന്നതിന് പ്രാധാന്യം കൊടുത്തുകൊണ്ട് ചർച്ചയിലെ പങ്കാളിത്തം അധ്യാപിക വിലയിരുത്തണം.

## ബന്ധിപ്പിക്കൂ

- യൂണിറ്റിലെ പാഠഭാഗങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്ന പ്രവർത്തനമാണിത്. കൊടുത്തിരിക്കുന്ന വാക്യത്തിലെ ആശയം എന്താണ് എന്ന് ചർച്ചചെയ്യട്ടെ. ചെറുചോദ്യങ്ങളിലൂടെ ചർച്ച നയിക്കാം.
    - 'മനസ്സ് വിശാലമാവുക' എന്നു പറഞ്ഞാൽ എന്താണ്?
    - 'ലോകത്തെ വിശാലമാക്കുക' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ത്?
    - 'ലോകത്തെ പ്രബുദ്ധമാക്കുക' എന്നതിന്റെ താൽപ്പര്യമെന്താണ്?
- ഉദാഹരണമായി അശോകചക്രവർത്തിയുടെ കഥതന്നെ ഉപയോഗിക്കാം.
    - തന്റെ സാമ്രാജ്യത്തിന്റെ വലുപ്പം കൂട്ടുക എന്ന ലക്ഷ്യം മാത്രമുള്ളപ്പോഴായിരുന്നു അദ്ദേഹം യുദ്ധങ്ങൾ ചെയ്തുകൊണ്ടിരുന്നത്.
    - താൻ ലോകത്തെ സേവിക്കേണ്ടവനാണ് എന്ന തോന്നൽ അദ്ദേഹത്തിന്റെ മനസ്സു വലുതാക്കി.
    - പിന്നീട് ലോകർക്ക് നന്മയുടെ മാർഗം പകർന്നുകൊടുക്കാനായി ജീവിതം സമർപ്പിച്ചു.
- 'അശ്വതി' എന്ന കഥയിൽ 'കച്ചവടക്കാരൻ' എന്ന കഥാപാത്രത്തിന്റെ പ്രവൃത്തികൾ എന്താക്കെയാണെന്ന് ചർച്ചചെയ്യട്ടെ.
    - ആദ്യം അയാൾ കുട്ടിക്ക് മിഠായി നൽകിയില്ല.
    - ഒരാൾ കുട്ടിയെ സഹായിക്കുന്നതു കണ്ടപ്പോൾ അയാൾക്കും സഹായിക്കണമെന്നു തോന്നി.
- ചർച്ചയ്ക്കുശേഷം വ്യക്തിഗതമായി കുറിപ്പു തയാറാക്കി ഗ്രൂപ്പിൽ വായിച്ച് മെച്ചപ്പെടുത്തി അവതരിപ്പിക്കട്ടെ.
- രണ്ടു പാഠഭാഗങ്ങളിലും അവതരിപ്പിച്ച സ്നേഹത്തിന്റെ അവസ്ഥാവിശേഷങ്ങൾ പൊതുവായി ചർച്ചചെയ്യട്ടെ.
    - കവിതയിലേത് സഹോദരസ്നേഹം.
    - കഥയിലേത് സഹജീവിസ്നേഹം.
- രണ്ടും തമ്മിലുള്ള പ്രധാന വ്യത്യാസം എന്താണ് എന്നു ചർച്ചചെയ്യണം.
    - കവിതയിലേത് ചിരസ്ഥായിയായ സ്നേഹം നഷ്ടപ്പെടുമോ എന്ന വേവലാതി.
    - കഥയിലേത് നിരുപാധികമായ ഒരു അടുപ്പമാണ്. പക്ഷേ, അത് മുഴുവൻ ലോകത്തോടുമുള്ള സ്നേഹത്തിന്റെ ഒരംശമാണ്.
- ചർച്ചയ്ക്കുശേഷം വ്യക്തിഗതമായി താരതമ്യക്കുറിപ്പ് തയാറാക്കി ഗ്രൂപ്പിൽ വായിച്ച് മെച്ചപ്പെടുത്തി പൊതുവായി അവതരിപ്പിക്കാം.

## പഠനനേട്ടങ്ങൾ

- വിവിധ ആശയമേഖലകളെ അടിസ്ഥാനമാക്കിയുള്ള ചർച്ചകളിൽ പങ്കെടുത്ത് ആശയങ്ങളും നിലപാടുകളും യുക്തിപൂർവം അവതരിപ്പിക്കുന്നു.
- ചർച്ചകളിലും സംവാദങ്ങളിലും രൂപീകൃതമായ ആശയങ്ങൾ ക്രോഡീകരിച്ച് വാചികമായും ലിഖിതമായും പ്രകടിപ്പിക്കുന്നു.

## ഞാൻ എന്നെക്കുറിച്ച്

- യൂണിറ്റിലെ പഠനപ്രവർത്തനങ്ങളിലൂടെ കടന്നുപോയപ്പോൾ കുട്ടികൾക്കുണ്ടായ മികവുകൾ എത്രത്തോളമുണ്ടെന്ന് സ്വയം തിരിച്ചറിയാനുള്ള പ്രവർത്തനമാണ് ഇത്.
- ഓരോ പ്രസ്താവനയും തന്നെ സംബന്ധിച്ച് എത്രത്തോളം ശരിയാണെന്ന് രേഖപ്പെടുത്തുകയാണു വേണ്ടത്.
- അതത് പ്രവർത്തനങ്ങൾ നടക്കുമ്പോൾ നോട്ട്പുസ്തകത്തിൽ കുട്ടികൾ എഴുതിയ കുറിപ്പുകളും അപ്പപ്പോൾ തനിക്കനുഭവപ്പെട്ട പ്രയാസങ്ങളും കണക്കിലെടുത്താവണം സ്വയം വിലയിരുത്തൽ നടത്തേണ്ടത്.
- ഓരോ പ്രസ്താവനയുടെയും ഉദ്ദേശ്യം എന്താണെന്ന് ക്ലാസിൽ പൊതുവായി ചർച്ച ചെയ്യണം. അതിനുശേഷമാണ് കുട്ടികൾ വ്യക്തിപരമായി രേഖപ്പെടുത്തലുകൾ നടത്തേണ്ടത്.